**ബിംസ്ടെക് വിദേശകാര്യ മന്ത്രിതല യോഗത്തില് പങ്കെടുക്കുവാന് കേന്ദ്ര വിദേശകാര്യ മന്ത്രി നേപ്പാളിലെത്തി (ആഗസ്ത് 10-11, 2017)**

ആഗസ്ത് † 10, 2017

ആഗസ്ത് 10-11, 2017 നു ആരംഭിച്ച ബിംസ്ടെക് വിദേശകാര്യ മന്ത്രിതല യോഗത്തില് പങ്കെടുക്കുന്നതിന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി രണ്ടു ദിവസ സന്ദർശനത്തിനു നേപ്പാളിലെത്തി . നേപ്പാളിലേക്ക് കേന്ദ്ര വിദേശകാര്യമന്ത്രി നടത്തുന്ന ആറാമത്തെ സന്ദർശനമാണിത് , അതോടൊപ്പം ജൂണ് 2017 ല് നേപ്പാളിൽപുതിയ ഗവൺമെന്റ് വന്നതിനു ശേഷമുള്ള ആദ്യ ഉന്നതതല സന്ദർശനവുമാണിത്

സന്ദർശനത്തിന്റെ ആദ്യ ദിവസം കേന്ദ്ര വിദേശകാര്യ മന്ത്രി ആദരണീയനായ നേപ്പാള് പ്രസിഡണ്ട് ബിദ്യ ദേവി ഭണ്ഡാരിയുമായും പ്രധാനമന്ത്രി, ഷെര് ബഹാദൂര് ദ്യൂബയുമായും കൂടിക്കാഴ്ച നടത്തി. പ്രസിഡണ്ടുമായുള്ള കൂടിക്കാഴ്ചയില്, ഈ വർഷം ആദ്യം ആദരണീയനായ പ്രസിഡണ്ട് ഇന്ത്യയിലേക്ക് നടത്തിയ വിജയകരമായ സന്ദർശനത്തെ കേന്ദ്രവിദേശകാര്യ മന്ത്രി ഓർക്കുകയുണ്ടായി , അത് ഇരു രാജ്യങ്ങൾക്കുമിടയില് കാലങ്ങളായുള്ള ബന്ധത്തെ കൂടുതല് ശക്തപ്പെടുത്തി. രണ്ടു രാജ്യങ്ങൾക്കുമിടയിലെ സാംസ്ക്കാരിക ബന്ധങ്ങള്, ജനങ്ങള് തമ്മിലുള്ള ബന്ധങ്ങള് എന്നിവ വർദ്ധിപ്പിക്കുവാന് ആവശ്യമായ വഴികള് ഇരു വിഭാഗവും ചർച്ച ചെയ്തു

രണ്ടു
രാജ്യങ്ങൾക്കുമിടയില് ബന്ധങ്ങള് ശക്തമായതിലെ പ്രതിഫലനമാണ് നിരന്തരമുള്ളതും തീവ്രവുമായ ഉന്നതതല വിനിമയങ്ങളെന്ന് പ്രധാനമന്ത്രി ദ്യൂബെയുമായി നടത്തിയ കൂടിക്കാഴ്ചയില് കേന്ദ്ര വിദേശകാര്യമന്ത്രി പ്രത്യേകം എടുത്തു പറഞ്ഞു . ഇന്ത്യയിലേക്ക് പ്രധാനമന്ത്രി ദ്യൂബെ ഔദ്യോഗിക സന്ദർശനത്തിനെത്തുന്നത് ഉറ്റു നോക്കുകയാണ് ഇന്ത്യാ ഗവൺമെന്റ് എന്നു കേന്ദ്ര വിദേശകാര്യ മന്ത്രി പറഞ്ഞു . നേപ്പാളിലെ ദേശീയ മുൻഗണനകള് ചേർത്ത് നവീകരിച്ചതിന്റെ പ്രതിഫലിക്കുന്ന വികസിപ്പിച്ച ഉഭയകക്ഷി അജണ്ട ഇരു വിഭാഗവും ചർച്ച ചെയ്തു. പുനർനിർമാണ പ്രവർത്തനങ്ങളും ഹൈഡ്രോ പവര് മേഖലയിലെ സഹകരണവും ചർച്ചകളില് കടന്നു വന്നു. അടിസ്ഥാന സൌകര്യങ്ങള്, ഗതാഗതം, ഊർജം എന്നീ മേഖലകളില് സഹകരണത്തിന് വളരെ വലിയ സാധ്യതകള് ഉണ്ടെന്ന് ഇരു വിഭാഗവും സമ്മതിച്ചു

വൈകീട്ട് നടന്ന പതിനഞ്ചാമത് ബിംസ്ടെക് മന്ത്രിതല യോഗത്തില് ബിംസ്ടെക് രാജ്യങ്ങളില് നിന്നുമുള്ള വിദേശകാര്യ മന്ത്രിമാർക്കൊപ്പം കേന്ദ്ര വിദേശകാര്യ മന്ത്രി പങ്കെടുക്കുകയുണ്ടായി. യോഗാനന്തരം പ്രതിനിധികളുടെ നേതാക്കളെല്ലാവരും സംയുക്തമായി പ്രധാനമന്ത്രി ദ്യൂബെയെ കാണുകയുണ്ടായി

ന്യൂഡെൽഹി
ആഗസ്ത് 10, 2017